# ഗവ. മോഡൽ ഹയർസെക്കന്ററി സ്കൂൾ

# വെങ്ങാനൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# നൈപുണി 2025 - 26

നൈപുണി

ജില്ല :　　　　　　　　തിരുവനന്തപുരം

വിദ്യാഭ്യാസജില്ല:　നെയ്യാറ്റിൻകര

ഉപജില്ല:　　　　　　ബാലരാമപുരം

വർഷം :　　　　　　2025

# ഉള്ളടക്കം


→ ആമുഖം

→ സ്കൂൾ ചരിത്രം

→ നേട്ടങ്ങൾ

→ വെല്ലുവിളികൾ

→ നമ്മുടെ കാഴ്ചപ്പാട്

→ പൊതു ലക്ഷ്യങ്ങൾ

→ വിഷയാധിഷ്ഠിത പ്രോജക്ടുകൾ

→ ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസരംഗം മാറ്റത്തിന്റെ പാതയിലാണ്.പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യം വളരെയേറെ മെച്ചപ്പെട്ടു. അൺ എയ്ഡഡ് സ്കൂളുകളുടെ ആഡംബരങ്ങളെ അതിജീവിച്ച് കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കേണ്ടതുണ്ട്. സർക്കാർ വിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ നൂതന ആശയങ്ങൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. അധ്യാപകർക്ക് തങ്ങളുടെ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് എന്ത് നൽകണമെന്ന് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകേണ്ടതുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനൊപ്പം കുട്ടികളെ സാമൂഹ്യ പ്രതിബദ്ധതയുള്ള പൗരൻ മാരായി വാർത്തെടുക്കുക എന്നതിനാവണം' അക്കാദമിക മാസ്റ്റർ പ്ലാൻ' പ്രാധാന്യം കൊടുക്കേണ്ടത്. " ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം " എന്ന ഗാന്ധിജിയുടെ വാക്കുകൾ നമുക്ക് പ്രചോദനമാവട്ടെ.......

# സ്കൂൾ ചരിത്രം

ചരിത്രമുറങ്ങുന്ന വെങ്ങാനൂർ പ്രദേശത്തെ തമസ്സിൽ നിന്നും ജ്യോതിസിലേക്ക് ഉയർത്തിയ ഈ സർക്കാർ വിദ്യാലയത്തിന്റെ വളർച്ച ഘട്ടങ്ങൾ നാടിന്റ വളർച്ചയെയും പ്രതിഫലിപ്പിക്കുന്നു.1885 ൽ നാട്ടിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ഒരു സുമനസിന്റെ സംഭാവനയാണ് ഈ വിദ്യാലയം.വേലുപ്പിള്ള എന്ന നാട്ടാശാനാണ് ഈ മഹത് വ്യക്തി.അന്ന് കുടിപ്പള്ളി കൂടമായി ആരംഭിച്ച ഈ വിദ്യാലയം 35 വർഷങ്ങൾക്ക് ശേഷം ശിവായി പിള്ള എന്നറിയപ്പെടുന്ന ഗോവിന്ദപിള്ള 1920 -ൽ സർക്കാരിന് കൈമാറി.തുടർന്ന് പ്രാദേശിക ഭാഷ സ്കൂൾ ആയി അംഗീകരിക്കപ്പെട്ടു.1941 ൽ അപ്പർ പ്രൈമറി സ്കൂൾ ആയും 1981 ഹൈസ്കൂൾ ആയും 1994 മോഡൽ സ്കൂൾ ആയും 2004 ൽ ഹയർസെക്കൻഡറി സ്കൂൾ ആയും ഞങ്ങളുടെ സ്കൂൾ വളർന്നു.എസ്എസ്എൽസിയുടെ ആദ്യ ബാച്ച് പരീക്ഷയെഴുതിയ 1983-84 മുതൽ വിജയ ശതമാനത്തിൽ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ മുൻനിരയിലെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.സ്കൂളിന്റെ വളർച്ചയുടെ പിന്നിൽ പ്രയത്നിച്ച ഒട്ടനവധിമഹാത്മാക്കൾകാലയവനികക്കുള്ളിൽ മറഞ്ഞു.1994 ൽ മോഡൽ സ്കൂൾ ആയി ഉയർത്തിയതിന് പിന്നിൽ പ്രവർത്തിച്ച സ്പോൺസറിങ് കമ്മിറ്റി കൺവീനർ പരേതനായ ശ്രീ കെ ജി കൊച്ചു കൃഷ്ണൻ നായർ, വിവിധ ഘട്ടങ്ങളിൽ കോവളം എംഎൽഎമാരായി പ്രവർത്തിച്ചവർ, 1981 ഹൈസ്കൂൾ ആയി ഉയർത്തിയ മുൻ മന്ത്രി ശ്രീ. ബേബി ജോൺ 1994 ൽ വിദ്യാലയത്തിന്റെ നേട്ടങ്ങളെ അംഗീകരിച്ചുകൊണ്ട് മോഡൽ സ്കൂളിലായി ഉയർത്തി നാമകരണം ചെയ്തുഅതോടൊപ്പം കമ്പ്യൂട്ടർ പഠനകേന്ദ്രം അനുവദിച്ച മുൻമന്ത്രി ശ്രീ മുഹമ്മദ് ബഷീർ വിവിധ PTA കൾ മറ്റു ജനപ്രതിനിധികൾ പ്രഥമാധ്യാപകർ മറ്റു സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തകർ എന്നിങ്ങനെ ഈ വിദ്യാലയ മുത്തശ്ശിയുടെ ജീവചരിത്ര പുസ്തകത്തിൽ കാലാതീതമായി തിളങ്ങി നിൽക്കുന്ന നിരവധി നക്ഷത്രങ്ങൾ ഉണ്ട്.

# നിലവിലെ സ്ഥിതിവിവരങ്ങൾ

കുടി പള്ളിക്കൂടത്തിൽ നിന്ന് 1500 ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന ഹയർസെക്കൻഡറി തലത്തിലേക്ക് ഉയർന്ന നമ്മുടെ സ്കൂളിന്റെ ഇന്നത്തെ സ്ഥിതിവിവരങ്ങൾ

അധ്യാപകരുടെ എണ്ണം : 65

ഹൈസ്കൂൾ തലം : 51

ഹയർസെക്കൻഡറി തലം : 13

ഡിവിഷനുകളുടെ എണ്ണം: ക്ലാസ്& ഡിവിഷൻ

I- 2

II- 2

III -3

IV -3

V- 5

VI -5

VII- 6

VIII -6

IX- 5

X- 7

XI -2

XII -2

# നേട്ടങ്ങൾ

## ഭൗതികം

- മൾട്ടിമീഡിയ റൂം ഓഡിറ്റോറിയം
- സ്കൂളിന്റെ അങ്കണം ടൈൽ പാകി മനോഹരമാക്കി
- ക്ലാസ് ലൈബ്രറികൾ
- സ്കൂൾ ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം
- ഇൻ സിനറേറ്റർ വെൻഡിങ് മെഷീൻ സ്ഥാപിച്ചു
- സ്കൂൾ സുരക്ഷയുടെ ഭാഗമായി ക്യാമറകൾ സ്ഥാപിച്ചു
- ക്ലാസ് റൂമുകളുടെ വൈദ്യുതീകരണം
- ജൈവവൈവിധ്യ പാർക്ക്
- കമ്പ്യൂട്ടർ ലാബുകളുടെ നവീകരണം

## അക്കാദമികം

- കഴിഞ്ഞ എസ്എസ്എൽസി പരീക്ഷയിൽ 99.5% വിജയം.
- നാടക ശില്പശാല വായന ശില്പശാല തിരക്കഥ ശില്പശാല എന്നിവ സംഘടിപ്പിച്ചു.
- എൽ എസ് എസ്, യു എസ് എസ് ,എൻ എം എം എസ് പരീക്ഷകളിൽ അവിസ്മരണീയ വിജയം.
- തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ GOTEC Grand Finale യിൽ ഇംഗ്ലീഷ് സ്കിറ്റിന് രണ്ടാം സ്ഥാനം.
- സ്കൂൾ സിലബസ്സുമായി ബന്ധപ്പെട്ട പത്ര പംക്തി കളിൽ കുട്ടികളുടെ വിവിധ സൃഷ്ടികൾ പ്രസിദ്ധീകരിച്ചു.

# വെല്ലുവിളികൾ

- Language Lab-ന്റെ അഭാവം.
- വിദ്യാർത്ഥികൾക്ക് ആനുപാതികമായി അധ്യാപകരുടെ കുറവ്.
- മികച്ച സ്വന്തമായ മൈക്ക് സിസ്റ്റത്തിന്റെ അപര്യാപ്തത.
- വിദ്യാർത്ഥികൾക്ക് അനുപാതികമായികളിസ്ഥലത്തിന്റെ സ്ഥല പരിമിതി.
- Girls Amenity Centre ന്റെ അഭാവം.
- ആൺകുട്ടികൾക്ക് ആയുള്ള ശുചിമുറി കളുടെകുറവ്.
- ശിഥില കുടുംബത്തിലെയും സാമ്പത്തിക പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെ ഭാഗത്തുനിന്നുള്ള പൂർണ്ണ പങ്കാളിത്തം ഉറപ്പിക്കാൻ കഴിയാതെ വരിക.
- സാമൂഹിക സാംസ്കാരിക മേഖലകളിൽ മികവ് പുലർത്താൻ കുടുംബാന്തരീക്ഷത്തിൽനിന്ന് പിന്തുണ ലഭിക്കാതിരിക്കുക.
- ദേശീയ അന്തർദേശീയ തലത്തിൽ എത്തിപ്പെടാനുള്ള പരിമിതികൾ.

നൈപുണി

# നമ്മുടെ കാഴ്ചപ്പാട്

അനേകം പരിമിതികളും വെല്ലുവിളികളും നേരിടുന്നുണ്ടെങ്കിലും നമ്മുടെ വിദ്യാർത്ഥികൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിപ്പെടണമെന്നാണ് നമ്മുടെ കാഴ്ചപ്പാട്

വിദ്യാഭ്യാസം ഏതൊരാളെയും സർവ്വതോൽമുഖമായ വികാസത്തിലേക്ക് നയിക്കുന്നു

ഭാഷയും സംസ്കാരവും ഉള്ള സാമൂഹ്യ പൗരബോധം ഉള്ള തലമുറയെ വാർത്തെടുക്കാൻ നമുക്ക് കഴിയണം അതോടൊപ്പം അവരുടെ വ്യക്തിത്വ വികാസവും സാധ്യമാക്കണം

കൃഷിയും കാർഷിക സംസ്കാരവും ഉള്ള സമൂഹ ബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും മനസ്സിലാക്കുന്ന ഉത്തമ പൗരന്മാരായി നമ്മുടെ കുട്ടികൾ വളരണം

പാഠ്യപാഠേതര മേഖലയിലും നമ്മുടെ കുട്ടികൾ എന്നും മുൻനിരയിൽ എത്തണം

വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിൽ ഉള്ളവരും ശാരീരികവും മാനസികവും ബൗദ്ധികവുമായി വ്യത്യസ്ത കഴിവുള്ളവരുമായി കുട്ടികൾ കൂടുതൽ നേട്ടം കൈവരിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം

അതിലേക്ക് കുട്ടിയുടെ അറിവും കഴിവും വൈദ്യവും ക്രമേണ വർദ്ധിപ്പിക്കുക ശാരീരികവും മാനസികവുമായ കഴിവുകളെ വികസിപ്പിക്കുക ഭയം മാനസിക പിരിമുറുക്കം ഉണ്ടാകുന്ന സാഹചര്യം ഉത്കണ്ഠ എന്നിവയിൽനിന്ന് കുട്ടിയ വിമുക്തമാക്കൽ സ്വതന്ത്രമായ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് സഹായിക്കൽ എന്നിവയിലൂടെ പഠിതാവ് ഞങ്ങളുടെ ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേരും എന്നതത്രേ ഞങ്ങളുടെ കാഴ്ചപ്പാട്

പഠന നേട്ടം, പഠിതാക്കളുടെ വ്യത്യസ്ത നിലവാരം എന്നിവ തിരിച്ചറിഞ്ഞ്എല്ലാ കുട്ടികളുടെയും  എന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് എൽ പി തലം മുതൽ ഹയർസെക്കൻഡറി വരെ പരിഗണിച്ചു കൊണ്ടുള്ള സമഗ്രമായ വിദ്യാഭ്യാസ മുന്നേറ്റം എന്നതാണ് ഞങ്ങളുടെ പുതിയ കാഴ്ചപ്പാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## പൊതു ലക്ഷ്യങ്ങൾ

•ഒന്നു മുതൽ 12 വരെയുള്ള കുട്ടികളുടെ സമഗ്രമായ വ്യക്തിത്വ വികസനം

•ഭാഷയും ആശയവിനിമയശേഷിയും കൈവരിക്കുക

•ഭാഷയുടെ ഏതു രൂപവും ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാനുള്ള ശേഷിയും അതോടൊപ്പം ഭാഷയിലെ സർഗ്ഗാത്മകത വികസിപ്പിച്ച് മത്സര പരീക്ഷകൾ അഭിമുഖീകരിക്കാനുള്ള ശേഷിയും കൈവരിക്കുക

•വിദ്യാലയത്തെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുക എല്ലാ കുട്ടികളും നേടേണ്ട നൈപുണി ശേഷി എന്നിവ കൈവരിക്കുക

•ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പുവരുത്തുക

•സർഗ്ഗാത്മക കഴിവ് വികസിപ്പിക്കാനുള്ള അവസരം ഒരുക്കുക

•പഠനപ്രക്രിയ സർഗാത്മകവും ആനന്ദദായകവും ആക്കുക

സാമൂഹിക പ്രതിബദ്ധതയുള്ള വരുംതലമുറയെ വാർത്തെടുക്കുക

•ഐസിടി അധിഷ്ഠിതമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക

•ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന തരത്തിലുള്ള സംയോജിത വിദ്യാഭ്യാസം ഉറപ്പുവരുത്തുക

•കലാകായിക മേഖലയിൽ മികച്ച പരിശീലനം ഉറപ്പുവരുത്തുക

# LP വിഭാഗം

## മലയാളം

### ഉദ്ദേശ്യം:

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

### കാലക്രമം:

ജൂൺ മുതൽ മാർച്ച് വരെ

### ലക്ഷ്യങ്ങൾ:

ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ

എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

### ജൂൺ & ജൂലൈ

Pre-test

നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക

### Activities

ഭാഷാ ഗെയിമുകൾ, ആക്ഷൻ സോംഗ്സ്

ഭാവാത്മക വായന

കഥപറയൽ

അധ്യാപിക ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ

ഐ.സി.ടി. (ICT) ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

### സംസാരശേഷി:

ചിത്രവായന

കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം

അനുഭവ വിവരണം

ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

ചിത്ര വിവരണം

### ഓഗസ്റ്റ് & സെപ്റ്റംബർ

**ലക്ഷ്യം:** സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

നൈപുണി

## വായനശേഷി:

കഥാപുസ്തകങ്ങൾ വായിക്കുക

വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക

പാഠപുസ്തകത്തി ലെ പ്രവർത്തനങ്ങൾ

എഴുത്ത്

വാക്കുകളുടെ വെബ് (Word Web) നിർമ്മിക്കുക

ചിത്ര വിവരണം

വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക

ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്

വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക

## ഒക്ടോബർ & നവംബർ

### ലക്ഷ്യം:

ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

വായനശേഷി:

ലൈബ്രറി പുസ്തകങ്ങൾ വായിക്കുക

കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ

# ഇംഗ്ലീഷ്

## ഉദ്ദേശ്യം:

വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

## കാലക്രമം:

ജൂൺ മുതൽ മാർച്ച് വരെ

## ലക്ഷ്യങ്ങൾ:

ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ

എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

## ജൂൺ & ജൂലൈ

നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക

നൈപുണി

## Activities

ഭാഷാ ഗെയിമുകൾ,      ആക്ഷൻ സോംഗ്സ്

ഭാവാത്മക വായന

കഥപറയൽ

അധ്യാപിക ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ

ഐ.സി.ടി. (ICT) ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

# സംസാരശേഷി:

ചിത്രവായന

കഥ പറച്ചിൽ

അനുഭവ വിവരണം

ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

ചിത്ര വിവരണം

# ഓഗസ്റ്റ് & സെപ്റ്റംബർ

## ലക്ഷ്യം:

സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

# വായനശേഷി:

കഥാപുസ്തകങ്ങൾ വായിക്കുക

വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക

പാഠപുസ്തകത്തി ലെ പ്രവർത്തനങ്ങൾ

എഴുത്ത്

വാക്കുകളുടെ വെബ് (Word Web) നിർമ്മിക്കുക

ചിത്ര വിവരണം

വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക

ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്

നൈപുണി

വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക ഒക്ടോബർ & നവംബർ

## ലക്ഷ്യം:

ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

## വായനശേഷി:

ലൈബ്രറി പുസ്തകങ്ങൾ വായിക്കുക

കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ

# പരിസര പഠനം

## ലക്ഷ്യം

ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക

ഓരോ ക്ലാസിനും അനുയോജ്യമായ നിരീക്ഷണ പ്രവർത്തനങ്ങൾ ശില്പശാലകൾ ആയി സംഘടിപ്പിക്കുന്നു..

ശാസ്ത്ര പഠന താൽപര്യം വളർത്തുക ശാസ്ത്രബോധം ശാസ്ത്ര അവബോധം എന്നിവ വികസിപ്പിക്കുക

പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ..

നിരീക്ഷണ പ്രവർത്തനം

മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്ക് ഇണങ്ങുന്ന വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കുന്നു...

പരീക്ഷണ ഉത്സവം

ക്ലാസ് മുറികളിൽ ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താല്പര്യവും മനശാസ്ത്രപരവുമായ ഉത്സാഹവും വളർത്തുക എന്ന ലക്ഷ്യത്തോടെ പരീക്ഷണങ്ങൾ മലയാളത്തിൽ സി പി ടി എ ശാസ്ത്രോത്സവമായി സംഘടിപ്പിക്കുന്നു..

# ഗണിതം

## ഗണിതകേളികൾ

## ലക്ഷ്യം:

അടിസ്ഥാന ഗണിതശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന്.

നൈപുണി

## പ്രവർത്തനം:

മുഴുവൻ ക്ലാസിലും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## പ്രവർത്തനങ്ങൾ

നൃത്തം, ആലാപനം,ക്രാഫ്റ്റ് വർക്ക്,പെയിന്റിംഗ്, ചോക്ക് നിർമ്മാണം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം

# UP വിഭാഗം

# മലയാളം

## ലക്ഷ്യം:

1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക

2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക

3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ'

4. സാഹിത്യകൃതികളോടും സാഹിത്യ കാരോടും ഉള്ള

അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ

## പ്രവർത്തനങ്ങൾ

*എൻറെ അവധിക്കാലം. പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാ അനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു

*ഭാഷ കേളി. അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു

*വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.

അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം

*പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.

*വാർത്താവായന.

നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.

*അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് ,സ്കൂൾ ലൈബ്രറി പുസ്തകങ്ങൾഎന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.

നൈപുണി

*പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട  ചൊൽ കാഴ്ചകൾ , ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

*വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു

*സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു

## ചുമതല:

മലയാളം അധ്യാപകർ, മലയാളം ക്ലബ്, വി.ടി.എ, സ്കൂൾ

# ഇംഗ്ലീഷ്

## ജൂൺ ജൂലൈ

പുസ്തക വായന

പരിസ്ഥിതി ദിനം ഇംഗ്ലീഷ് പ്രസംഗം

ലഹരി വിരുദ്ധ ദിനം-

അഭിനയ ഗാനം ,  കാവ്യശില്പം, ലഹരി വിരുദ്ധ പ്രഭാഷണം

കഥാ അവതരണം. , ഓഡിയോ റിക്കാർഡിംഗ്

## ആഗസ്റ്റ് - സെപ്റ്റംബർ

വാർത്താ അവതരണം റിക്കാർഡ് ചെയ്യുന്നത്.

സ്വാതന്ത്ര്യദിനം  - സമര പോരാളികൾ റോൾ പ്ലേ

പ്രസംഗം

വിഷയം

ഇന്ത്യയുടെ വികസന രൂപവത്കരണത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്

## ഒക്ടോബർ

മികച്ച വായനക്കാർ

പത്രവാർത്താ വായനാ മത്സരം

പ്രസംഗമത്സരം -

വിഷയം

ഭാരതത്തിലെ ദേശീയ നേതാക്കന്മാർ

## നവംബർ - ഡിസംബർ

വിദേശിയുമായി സംവദിക്കാം

കേരളപ്പിറവി ദിനത്തിൽ വിദേശികളുമായി സംവദിക്കാൻ അവസരം ( ഫീൽഡ് ട്രിപ്പ് )

## ജനുവരി - ഫെബ്രുവരി

എഫ് . എം കോർണർ

റേഡിയോ നാടക അവതരണം

പാഠപുസ്തകത്തെ അടിസ്ഥാനമാക്കി

കൊറിയോഗ്രാഫി, , സ്കിറ്റ് , റോൾ പ്ലേ

# ഹിന്ദി

## ജൂൺ- ആഗസ്റ്റ്

### ലക്ഷ്യം

UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.

### പ്രവർത്തനം

• അക്ഷരം എഴുത്ത് • ചിഹ്നം ഉറപ്പിക്കൽ. • അക്ഷരകാർഡ്,വാക്കു കൾ എഴുതിയ കാർഡ് • class ൽ അക്ഷരമാല പ്രദർശനം. • ഓൺലൈൻ അക്ഷരമാല കളികൾ. • വാക്കുകൾ എഴുതിയ കാർഡുകൾ. • വാക്കുകൾ നിർമ്മാണം • വാക്യങ്ങളുടെ- നിർമ്മാണം • (HS വിഭാഗത്തിലെ പിന്നാക്കാവസ്ഥയിലു ള്ള കുട്ടികളിൽ PRETEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം)

## സെപ്റ്റംബർ- ഒക്ടോബർ

### ലക്ഷ്യം

2 വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയാഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക .)

### പ്രവർത്തനം

• വീട്ടിൽ ഉപയാഗിക്കുന്ന ഗൃഹാപകരണങ്ങ ൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. • ICT സഹായത്തിലൂടെ- വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം • CWSN കുട്ടികളുടെ- പങ്കാളിത്തം

## നവംബർ- ഫെബ്രുവരി

### ലക്ഷ്യം

3 ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി)

നൈപുണി

## പ്രവർത്തനം

• ഹിന്ദി അസംബ്ളി • ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10) • ക്ലാസ് ലൈബ്രറി • അധികവായന സാമഗ്രികൾ • ചിത്രസഹായത്താടെ- ചിത്രകഥ തയ്യാറാക്കൽ • ചിത്രം-അ-ിക്കുറുപ്പ് • ചിത്രം-കഥ പറയൽ • ചിത്രം-കഥ എഴുതൽ • കഥ ബാക്കിഎഴുതൽ • വായനമൂല • ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ

# സയൻസ്

## ലക്ഷ്യം - 1

**ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ**

## പ്രവർത്തനങ്ങൾ

### a)ജൈവവൈവിധ്യ പാർക്ക്:-

ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം

കാലം :- അക്കാദമിക വർഷം

ചുമതല: - ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്

സാമ്പത്തിക വിശകലനം:- പി.ടി.എ

### b ) പഠനയാത്ര

പാഠഭനവുമായി ബന്ധപ്പെട്ട നേരനുഭവങ്ങൾ ലഭിക്കുന്ന തിനായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു.

വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, പുഴയെ അറിയാൻ യാത്രകൾ

### കാലം :- ജൂലൈ, ജനുവരി

ചുമതല :- ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്

സാമ്പത്തിക വിശകലനം:- രക്ഷിതാക്കൾ

### c) പരീക്ഷണ ക്കളരി :-

നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

### കാലം :- ജൂൺ മുതൽ

ചുമതല :- ശാസ്ത്രാധ്യാപകർ

സാമ്പത്തിക വിശകലനം:-സയൻസ് ക്ലബ്ബ്

## ലക്ഷ്യം - 2

**ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോ പകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക**

## പ്രവർത്തനങ്ങൾ

### a) പ്രോജക്ട്

**ശാസ്ത്രക്ലബ്ബ്, ഊർജക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.**

**കാലം :-** അക്കാദമിക വർഷം

**ചുമതല: -** ശാസ്ത്രാധ്യാപകർ,ഊർജക്ലബ്ബ്.സയൻസ് ക്ലബ്ബ്

**സാമ്പത്തിക വിശകലനം:-സയൻസ് ക്ലബ്ബ്**

### b) ശാസ്ത്രോത്സവം :-

**ആധുനിക ശാസ്ത്രലോകത്തിൻ്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.**

**കാലം :-** അക്കാഡമിക വർഷം

**ചുമതല :-** ശാസ്ത്രക്ലബ്ബ്, പരിസ്ഥിതിക്ലബ്ബ്, ഊർജക്ലബ്ബ്

**സാമ്പത്തിക വിശകലനം:- പി ടി എ സയൻസ് ക്ലബ്ബ്**

### c) ശാസ്ത്രവിസ്മയ ചുമർ :-

**ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.**

**കാലം :-** ജൂൺ മുതൽ

**ചുമതല :-** ശാസ്ത്രാധ്യാപകർ

**സാമ്പത്തിക വിശകലനം :-സയൻസ് ക്ലബ്ബ്**

**d) ശാസ്ത്രലാബ് :-** പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ പരീക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കാനും അതിൽ പങ്കാളികളാകാനും കുട്ടികൾക്ക് അവസരം

**കാലം :-** അക്കാദമിക വർഷം

**ചുമതല:**ശാസ്ത്രാധ്യാപകർ

**സാമ്പത്തിക വിശകലനം: സയൻസ് ക്ലബ്**

## ലക്ഷ്യം - 3

**ശാസ്ത്രാവബോധം വർധിപ്പിക്കുക ശാസ്ത്ര വിഷയങ്ങളിൽ അറിവ് വർധിപ്പിക്കുക**

## പ്രവർത്തനങ്ങൾ :

### a) ശാസ്ത്ര ലൈബ്രറി

**കുട്ടികളിൽ ശാസ്ത്രാവബോധം വർധിപ്പിക്കുന്നതിനായി ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി**

**ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു**

**കാലം :- ജൂൺ മുതൽ**

**ചുമതല :- ശാസ്ത്രാധ്യാപകർ**

**സാമ്പത്തിക വിശകലനം:-സയൻസ് ക്ലബ്ബ്**

## ലക്ഷ്യം 4

**ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.**

## പ്രവർത്തനങ്ങൾ

**a) ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം**

**കാലം :- അക്കാദമിക വർഷം**

**ചുമതല :- ശാസ്ത്രാധ്യാപകർ**

**സാമ്പത്തിക വിശകലനം:-സയൻസ് ക്ലബ്ബ്**

# സാമൂഹ്യ ശാസ്ത്രം

**ലക്ഷ്യം 1: സാമൂഹ്യശാസ്ത്രത്തിൻ്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ.**

**പ്രവർത്തനങ്ങൾ: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിൻ്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.**

**അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു.**

**കാലം: അക്കാദമിക വർഷാരംഭം. (ജൂൺ)**

**ചുമതല: സാമൂഹ്യശാസ്ത്ര അധ്യാപകർ.**

**<u>ലക്ഷ്യം 2:</u>** **പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.**

**പ്രവർത്തനങ്ങൾ: ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.**

**കാലം :അക്കാദമിക വർഷം.**

**ചുമതല: സാമൂഹ്യശാസ്ത്ര അധ്യാപകർ.**

**<u>ലക്ഷ്യം 3:</u>** **വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.**

**പ്രവർത്തനം : സാമൂഹ്യശാസ്ത്ര ക്ലബിൻ്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിൻ്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.**

**കാലം: അക്കാദമിക വർഷം.**

**ചുമതല: സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ്.**

**സാമ്പത്തിക വിശകലനം: പി.ടി.എ.**

**<u>ലക്ഷ്യം 4:</u>** **സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.**

**പ്രവർത്തനങ്ങൾ: ( ഫീൽഡ് ട്രിപ്പ്, സർവ്വേ)**

**പരിസ്ഥിതി നാശത്തിന് കാരണമാകുന്ന മനുഷ്യൻ്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയാറാക്കുന്നു.**

**കാലം : അക്കാദമിക വർഷം.**

**ചുമതല: സാമൂഹ്യ ശാസ്ത്ര അധ്യാപകർ , ക്ലബ്.**

**<u>ലക്ഷ്യം 5</u>** **: ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.**

**പ്രവർത്തനങ്ങൾ: ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.**

**കാലം:ഒക്ടോബർ.**

**ചുമതല: സാമൂഹ്യ ശാസ്ത്ര അധ്യാപകർ.**

**<u>ലക്ഷ്യം 6</u>: ഭാവിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രചോദനം നൽകുക.**

**പ്രവർത്തനം : സമീപത്തുള്ള സ്വയംതൊഴിൽ സംരംഭം സന്ദർശിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കുറിപ്പ് തയാറാക്കുന്നു.**

**കാലം: അക്കാദമിക വർഷം.**

**ചുമതല: സാമൂഹ്യ ശാസ്ത്ര അധ്യാപകർ.**

# ഗണിതം

## ജൂൺ

## ലക്ഷ്യം & പ്രവർത്തനങ്ങൾ

**1)അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിത്താക്കൾക്കും ഉറപ്പ് വരുത്തുന്നു**

**ഗണിത ശിൽപ്പാശാല :- കളിരീതിയിൽ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മുത്തുകൾ, etc)**

**2)രസകരമായ ഗണിത ശാസ്ത്ര പഠനവും, കര ചലന ശേഷികളുടെ വികാസവും**

**ഒറീഗാമി ശില്പശാല :-ജാപ്പാനീസ് കലയായ ഒരിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ പ്രദർശനവും**

**3)ഗണിത പഠിത പ്രവർത്തനങ്ങൾ സുഗമമാക്കൽ**

**വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ചു ഗണിത ലാബ് നടത്തൽ**

**4)ഗണിതം മധുരമാക്കൽ**

**ഗണിത പാർക്ക് :-ജ്യാമിതീയ രൂപങ്ങളെ ഉൾപ്പെടുത്തി വിദ്യാലയത്തിൽ പാർക്ക് സജ്ജാമക്കൽ**

**5)ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ**

**ഗണിത ഗ്രാമം :ഗണിതത്തിൽ പ്രവീണ്യമുള്ള ഉൾപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു**

**6)ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യസാധ്യത കൾ പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു**

**IT സാധ്യതകളിലൂടെ :-ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ IT സാധ്യതയിലൂടെ കുട്ടികളിലേക്ക് എത്തിക്കാൻ വേഗത്തിൽ കഴിയുന്നു**

**7)ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു**

**ഗണിതക്ലിനിക് :-ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, ഗണിതത്തിൽ മുന്നിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തങ്ങൾ നൽകുന്നു.**

**8)വിവിധ ശേഷികളുടെ വികാസം**

**ഗണിത ദിനാചാരണം :-ജൂൺ മുതൽ മാർച്ച് വരെ ഉള്ള ഗണിത ദിനച്ചാരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ഉൾപ്പെടുത്തി നിശ്ചിത ദിവസത്തിൽ സംഘടിപ്പിക്കുന്ന**

# HS വിഭാഗം

# മലയാളം

## ആമുഖം

കുട്ടികളുടെ സർവ്വതോൻമുഖമായ വികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കുന്ന രൂപരേഖ ആണിത്. ഇതിൽ മാതൃഭാഷയായ മലയാളത്തിന് പരമപ്രധാനമായ പങ്കുണ്ട്. മാതൃഭാഷ അനായാസം ആശയവിനിമയത്തിന് ഉപയോഗിക്കാൻ കഴിയും വിധം കുട്ടിയിൽ ഉണ്ടാക്കുന്ന ആത്മവിശ്വാസം അഭിരുചിക്കനുസരിച്ച് സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ സർഗ്ഗശേഷിയിൽ ഏർപ്പെടാനുള്ള പ്രാപ്തി എന്നിവ നേടിയെടുക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത് അഞ്ചു വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്തുവരുന്ന മുഴുവൻ കുട്ടികളും മലയാള ഭാഷയിൽ മികച്ച പ്രാവീണ്യമുള്ളവരായി തീരും എന്നതിൽ സംശയമില്ല

**1 ലക്ഷ്യം:** ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ

## പ്രവർത്തനങ്ങൾ

പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ ,അക്ഷര കാർഡ് നൽകൽ,വാക്കുകൾ എഴുതിയ കാർഡ്

വാക്കുകൾ നിർമിക്കുക

വാക്യങ്ങൾ നിർമ്മിക്കുക

ചിത്രം അടിക്കുറിപ്പ്

ചിത്രം കഥയെഴുതൽ

ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്

**സമയം:** ജൂലൈ ഓഗസ്റ്റ്

**ഭൗതികം:**പുസ്തകങ്ങൾ,ചിത്രങ്ങൾ

**ചുമതല:** PTA, അധ്യാപകർ

**2 ലക്ഷ്യം:** കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക

## പ്രവർത്തനങ്ങൾ

ക്ലാസ് വായന കൂട്ടം രൂപീകരിക്കുക,സ്കൂൾ ലൈബ്രറി നവീകരിക്കൽ,സമീപ ഗ്രന്ഥശാല അംഗത്വം,വായനോത്സവം സംഘടിപ്പിക്കുക, പത്രവായന,പുസ്തക ചർച്ച,വായനാനുഭവം, വായനക്കുറിപ്പ് പതിപ്പ്, വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം, ദിനാചരണങ്ങൾ, സാഹിത്യകാരന്മാരുമായി അഭിമുഖം , ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും,അസ്വാദ്യകരമായ വായന,ഈ വായന

**സമയം:** സെപ്റ്റംബർ ഒക്ടോബർ നവംബർ

**ഭൗതികം :**ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി,പത്രങ്ങൾ,ആനുകാലിക പ്രസിദ്ധീകരണങ്ങൾ,

നൈപുണി

**ചുമതല:** PTA, അധ്യാപകർ

**3 ലക്ഷ്യം:** കുട്ടിയും മികച്ച എഴുത്തുകാരൻ ആക്കുക

## പ്രവർത്തനങ്ങൾ

എഴുത്തുകൂട്ടം രൂപീകരണം

പുസ്തക ചർച്ച

വായനക്കുറിപ്പ് പതിപ്പ്

വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടാൻ

ചുവർ പത്രിക നിർമ്മാണം

സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ

വ്യക്തിഗത രചന

സംഘരചന

ഭാഷാ പ്രോജക്ട്

സാഹിത്യകാരമായുള്ള അഭിമുഖം സംവാദം

സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി

**സമയം:** ഡിസംബർ ജനുവരി

**ഭൗതികം :** ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ

**ചുമതല:** PTA, അധ്യാപകർ

**4 ലക്ഷ്യം :**സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക

## പ്രവർത്തനങ്ങൾ

പ്രസംഗ പരിശീലന കളരി

വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക

മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുക പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള

വേദികൾ സജ്ജമാക്കുക

**സമയം:**ഫെബ്രുവരി

**ഭൗതികം:** ഓഡിയോ,വീഡിയോ

**ചുമതല:**ട്രെയിനർ ,അധ്യാപകർ

# ഇംഗ്ലീഷ്

## ആമുഖം

ആഗോള ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിൻ്റെ പ്രാധാന്യം അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര ഭാഷയായ ഇംഗ്ലീഷിൽ ആശയവിനിമയ ശേഷി ആർജ്ജിക്കുക എന്നത് ഈ കാലഘട്ടത്തിൽ ഏതൊരു വ്യക്തിയുടെയും സ്വപ്നമാണ്. ഇംഗ്ലീഷിനോടുള്ള ജനങ്ങളുടെ താല്പര്യം തന്നെയാണ് ഈ ഭാഷയെ ഇത്രയും ജനപ്രിയമാക്കുന്നത്. കേവലമൊരു വിദേശ ഭാഷയെന്നതിലുപരി വിദ്യാഭ്യാസവും ശാസ്ത്ര സാങ്കേതികവിദ്യയും സ്വാംശീകരിക്കുവാനും ഇവയ്ക്ക് ഗുണകരമാകുന്ന രീതിയിൽ നൂതന മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുവാനും ഈ ഭാഷയിലൂടെ കഴിയുന്നു. ലോകജാലകമായി വർത്തിക്കുന്ന ആംഗലേയ ഭാഷയിൽ പരിജ്ഞാനം നേടുന്നത് നമ്മുടെ കുട്ടികൾക്ക് അവരുടെ ഭാവി ഭാസുരമാക്കാനുള്ള ആത്മവിശ്വാസം നൽകും എന്ന കാര്യത്തിൽ തർക്കമില്ല.

തെറ്റ് കൂടാതെയും ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുക എന്നത് ഇംഗ്ലീഷ് രണ്ടാം ഭാഷയായി പഠിക്കുന്ന നമ്മുടെ കുട്ടികൾക്ക് വെല്ലുവിളി തന്നെയാണ്. മികച്ച ക്ലാസ്സ്റൂം പ്രവർത്തനങ്ങളിലൂടെ ഈ വെല്ലുവികളെ തരണം ചെയ്യാൻ കഴിയുമെന്നുള്ള വിശ്വാസം ആർജ്ജിക്കേണ്ടത് കാലഘട്ടത്തിൻ്റെ അനിവാര്യതയാണ്. ഈ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് കുട്ടികളിൽ ആത്മവിശ്വാസം നിറയ്ക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് അക്കാദമിക മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.

## പഠനനേട്ടങ്ങൾ

1. ഇംഗ്ലീഷ് ഭാഷ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിൻ്റെ പൂർണ്ണതയിൽ എത്തിക്കുക.

2. ഇംഗ്ലീഷ് ഭാഷ ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും സംസാരിക്കാനും കേട്ടു മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളും ആർജ്ജിക്കുക.

3. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയ ശേഷി കൈവരിക്കുക.

4. ഭാഷാനൈപുണികൾ വികസിപ്പിക്കുക.

5. സർഗ്ഗാത്മകത പരിപോഷിപ്പിക്കുക.

6. മഹത്തായ ഇംഗ്ലീഷ് സാഹിത്യകൃതികൾ ആസ്വദിക്കുകയും വ്യത്യസ്ത സംസ്കാരങ്ങളും പൈതൃകങ്ങളും മനസ്സിലാക്കുകയും ചെയ്യുക.

7. പദാവലി വർദ്ധിപ്പിക്കുക.

8. ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രശസ്ത എഴുത്തുകാരെയും അവരുടെ കൃതികളെയും പരിചയപ്പെടുത്തുന്നതിലൂടെ വായന പ്രോത്സാഹിപ്പിക്കുക.

9. ഇംഗ്ലീഷ് ഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നതിലൂടെ മറ്റ് വിഷയങ്ങൾ അനായാസം സ്വായത്തമാക്കാനുള്ള കഴിവ് ആർജ്ജിക്കുക.

10. വിവരസാങ്കേതിക വിദ്യയുടെ നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഭാഷ പഠിക്കാനുള്ള കഴിവ് കൈവരിക്കുക.

# പ്രവർത്തനങ്ങൾ

## 1.Reading Word card, Sentence Card

### ജൂൺ മാസം

വായന പക്ഷാചരണത്തോടനുബന്ധിച്ചുള്ള പ്രവർത്തനം
പാഠഭാഗങ്ങളിൽ നിന്നുള്ള വാക്കുകളും വാക്യങ്ങളും ഉപയോഗിക്കുന്നു.
ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ചിത്രങ്ങൾ കാണിച്ച് വാക്കുകൾ കണ്ടെത്താനുള്ള പ്രവർത്തനം

## 2.Handwriting Competition, Loud Reading Competition, News Reading Competition, Anchoring Competition

### ജൂൺ - ജൂലൈ

ഇംഗ്ലീഷ് ക്ലബിൻ്റെ നേതൃത്വത്തിൽ വായന പക്ഷാചരണത്തോടനുബന്ധിച്ച് മത്സരങ്ങൾ സംഘടിപ്പിക്കുന്നു

## 3.Word games

### ജൂലൈ

വാക്കുകൾ കൊണ്ടുള്ള രസകരമായ മത്സരങ്ങൾ / കളികൾ സംഘടിപ്പിക്കുന്നു

eg. Kangaroo games

ഭിന്ന ശേഷിക്കാർക്കായി കുത്തുകൾ യോജിപ്പിച്ച് വാക്കുകൾ കണ്ടെത്തുന്ന ഗെയിം ഉൾപ്പെടുത്തുന്നു.

## 4.Story telling

### ഓഗസ്റ്റ്

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കഥാഭാഗങ്ങൾ കണ്ടെത്തൽ അവതരണം.

പാഠഭാഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ കഥാവസാനം മാറ്റിയെഴുതി അവതരിപ്പിക്കൽ

## 5.Report Writing

സ്കൂളിൽ നടന്ന ആഘോഷങ്ങൾ, ദിനാചരണങ്ങൾ എന്നിവയുടെ റിപ്പോർട്ട് തയ്യാറാക്കൽ

## 6.English Fest

### സെപ്റ്റംബർ - ഒക്ടോബർ

സ്കൂൾ ശാസ്ത്രമേളയോടനുബന്ധിച്ച് ഇംഗ്ലീഷ് ക്ലബിൻ്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു

**Manuscript Magazine**

### ജനുവരി - ഫെബ്രുവരി

കുട്ടികളുടെ മികച്ച ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ഇംഗ്ലീഷ് ക്ലബിൻ്റെ നേതൃത്വത്തിൽ കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. മാസികയിൽ ഭിന്നശേഷി കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നു.

## 7.Script Writing and Roleplay

### ജനുവരി - ഫെബ്രുവരി

**കഥാസന്ദർഭങ്ങൾ കൊടുത്ത് തിരക്കഥ തയ്യാറാക്കി റോൾപ്ലേ രൂപത്തിലാക്കുന്നു. സ്കൂൾ വാർഷികത്തിന് അവതരിപ്പിക്കുന്നു**

## 8. English Corner

**Tongue Twisters**
**Puzzles & Riddles**
**Quiz**

### ഒരു വർഷം

**ആഴ്ചയിൽ ഒരു ദിവസം വിവിധതരം കളികൾ / മത്സരങ്ങളിലൂടെ കുട്ടികളെ ഭാഷയോട് അടുപ്പിക്കുന്നു**

## 9.Exposure to English Language through radio programmes like News/ Speech/ Recitation

**ഉച്ച ഭക്ഷണ ഇടവേളയിൽ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കുന്നു. കുട്ടികൾ വിവിധ തരം പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു**

## 10. Diary Writing & Poster Making

**സ്കൂളിൽ നടക്കുന്ന ആഘോഷങ്ങളുടെയും ദിനാചരണങ്ങളുടെയും പോസ്റ്റർ തയ്യാറാക്കുന്നു. പ്രധാന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ എഴുതുന്നു.**

# ഹിന്ദി

**സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും ആശയവിനിമയം നടത്തുവാനുള്ള കഴിവ് വളർത്തിയെടുക്കുക. പാഠപുസ്തകത്തിലെ ഓരോ യൂണിറ്റിൽനിന്നും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക .സാഹിത്യ അഭിരുചിയും സർഗാത്മകശേഷിയും കുട്ടികളിൽ വളർത്തിയെടുക്കുക. ഹിന്ദി ഭാഷ പഠനത്തിലൂടെ ഭാരതത്തിന്റെ സംസ്കാരവും പൈതൃകവും മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. ദേശസ്നേഹം വളർത്തിയെടുക്കുക. കുട്ടികൾക്ക അനുയോജ്യമായ രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകഎന്നതാണ് ഹിന്ദി അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ടുവയ്ക്കുന്നത്**

## ലക്ഷ്യങ്ങൾ

**1. എല്ലാവർക്കും എഴുത്തും വായനയും**

**2. ആശയവിനിമയശേഷി കൈവരിക്കുക**

**3.സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുക**

**4.ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക**

**5.ക്ലാസ് സഭ, സ്കൂൾ അസംബ്ലി**

6. ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി

7. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുക

8. വായന വിവരസാങ്കേതിക വിദ്യകൾ കുട്ടികളെ സജ്ജരാക്കുക

9.വായനയും എഴുത്തും തന്ത്രങ്ങൾ വികസിപ്പിക്കുക

10.വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക

11.ഹിന്ദി മത്സരങ്ങൾ

12.ഹിന്ദി ക്ലബ്ബ് ഹിന്ദി ആസ്വാദനം

13.ഹിന്ദി ഫെസ്റ്റ്

14. ഹിന്ദി ക്ലിനിക്

# പ്രവർത്തനങ്ങൾ

## ജൂൺ ജൂലൈ

അക്ഷരങ്ങളും അടയാളങ്ങളും അടങ്ങിയ ചാർട്ട് നൽകുന്ന വാക്കുകൾ ചേർത്ത് വായിക്കാൻ പരിശീലിപ്പിക്കുന്ന ഫ്ലാഷ് കാർഡിൽ വാക്കുകൾ എഴുതി വാക്യങ്ങൾ പൂരിപ്പിക്കുന്നു. ചോദ്യോത്തര പ്രണാലിയിലൂടെ ആശയവിനിമയം നടത്തുവാനുള്ള അവസരം നൽകുന്നചെറുകഥകളും ചെറുകവിതകളും അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്ന ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ ( ഹിന്ദി)ക്ലാസിൽ അവതരിപ്പിക്കുന്ന സംഘടിപ്പിക്കുന്ന കഥാപാത്രധാരണ കളി സംഘടിപ്പിക്കുന്നു.

## ആഗസ്റ്റ്- ഒക്ടോബർ

പോസ്റ്റർ മോഡൽ നൽകുന്ന വിവിധ വിഷയങ്ങൾ നൽകുന്ന പാഠഭാഗത്തെ കഥാപാത്രങ്ങൾക്കിടയിൽ ഉള്ള സംഭാഷണം നോട്ടുപുസ്തകത്തിൽ പകർത്തി എഴുതാൻ ആവശ്യപ്പെടുന്ന കഥാപാത്രങ്ങൾക്കിടയിൽ ഉണ്ടാകാൻ സാധ്യതയുള്ള സംഭാഷണം സങ്കൽപ്പിച്ച് എഴുതാൻ ആവശ്യപ്പെടുന്നു.കവിതയുടെ ആശയം മനസ്സിലാക്കി ആശയവും സന്ദേശവും ഭാഷാശൈലിയും ഉപസംഹാരവും ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നവ്യാകരണ വിഭാഗത്തിൽ നാമം സർവ്വനാമം വിശേഷണം എന്നിവ പരിചയപ്പെടുത്തുന്നു.സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുക.വായന, വിവരസാങ്കേതികവിദ്യയിൽ കുട്ടികളെ സജ്ജരാക്കുക

## നവംബർ ഡിസംബർ ജനുവരി

ചിത്രകഥ കാർട്ടൂൺ എന്നിവ വായിക്കാൻ നൽകുന്ന കൂടുതൽ ചിത്രകഥകൾ കണ്ടെത്തി വായിച്ച് ആശയം എഴുതുവാൻ പറയുന്നു.പാഠഭാഗത്തിലെ സന്ദർഭങ്ങൾ തിരക്കഥയാക്കുന്ന അതിന്റെ ദൃശ്യാവിഷ്കരണം ക്ലാസ് റൂമിൽ സംഘടിപ്പിക്കുന്ന

സാഹിത്യാഭി രുചി വർദ്ധിപ്പിക്കുന്നതിനായി കവിതാരചന, കഥാരചന,പദ്യം ചൊല്ലൽ മുതലായ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഹിന്ദി സാഹിത്യത്തിലെ വിവിധ ലേഖകന്മാരുടെ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്ന ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ നൽകി കുട്ടികളുടെ രചന കൗശലം വർദ്ധിപ്പിക്കുന്നു

# സോഷ്യൽ സയൻസ്

## ആമുഖം

സമൂഹത്തിന്റെ വികാസ പരിണാമങ്ങൾ അറിയാനും സമൂഹത്തെ മെച്ചപ്പെടുത്തുവാനുമുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതും, സാമൂഹ്യ മാറ്റങ്ങളിൽ പങ്കാളികളാകുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ടു നയിക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റാൻ വ്യക്തിയെ പ്രാപ്തനാക്കുക എന്നതും സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ലക്ഷ്യമാണ്. ജനാധിപത്യബോധം, മതനിരപേക്ഷത, ദേശീയ ബോധം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ വളർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ വലിയ ലക്ഷ്യത്തിലേക്കുള്ള ചെറിയ ചുവടുവെപ്പുകളാണ് ഈ പ്രവർത്തനങ്ങൾ.

## പൊതുലക്ഷ്യങ്ങൾ

1) സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2) ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
3) സമൂഹത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം ആക്കാനും സഹായിക്കുക.
4) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5) സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിക്കൽ.
6) സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യുക.

## പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

ലോകത്തിലെ ഏറ്റവും മികച്ച ഭരണക്രമം ജനാധിപത്യം ആണെന്നും ഈ ഭരണക്രമത്തിൽ എല്ലാവരും തുല്യപങ്കാളിത്തവും അവസരവും ലഭിക്കുന്നു എന്നും മനസ്സിലാക്കുവാനും ജനാധിപത്യ ശീലങ്ങൾ ഓരോ കുട്ടിയുടെയും ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും വേണ്ടി.

### ജനാധിപത്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ

a) തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങൾ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തത്തോടെ നടത്തുന്ന വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുള്ള തെരഞ്ഞെടുപ്പ്
b) മോക് പാർലമെന്റ് സംഘടിപ്പിക്കൽ
c) നിയമസഭാ സന്ദർശനം
d) ജനപ്രതിനിധികളുമായുള്ള അഭിമുഖം
e) ജനാധിപത്യം മൂല്യങ്ങൾ കടമകൾ മര്യാദകൾ എഴുതി പ്രദർശിപ്പിക്കൽ
f) ഇന്ത്യൻ ഭരണഘടനയുടെ കോപ്പികൾ കുട്ടികൾക്ക് വായനയ്ക്ക് നൽകൽ.

നൈപുണി

## ലക്ഷ്യങ്ങൾ

ഇന്ന് സമൂഹത്തെ കാർന്നു തിന്നുന്ന ഏറ്റവും വലിയ വിപത്താണ് ലഹരി വസ്തുക്കളുടെ ഉപയോഗം മുതിർന്നവർ ഉപയോഗിക്കുന്നത് കണ്ടും കേട്ടുമാണ് കുട്ടികൾ ഈ ദുശ്ശീലത്തിലേക്ക് ചെന്ന് വീഴുന്നത് അതിനാൽ ബോധവൽക്കരണം സ്കൂളുകളിൽ മാത്രം ഓതി നിൽക്കാനുള്ളതല്ല സ്കൂളിൽ നിന്ന് തുടങ്ങി സമൂഹത്തിലേക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ കൊണ്ടെത്തിച്ച് ഒരു നല്ല സമൂഹവും തലമുറയും വാർത്തെടുക്കുക എന്ന ലക്ഷ്യം

## ലഹരി വിരുദ്ധ പക്ഷാചരണം

a) ബോധവൽക്കരണ ക്ലാസുകൾ
b) ലഹരി വിരുദ്ധ റാലി
c) സെമിനാറുകൾ
d) തെരുവുനാടകം -( പിടിഎ, ബി ആർ സി, പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ)
e) പോസ്റ്റർ നിർമ്മാണം - മത്സരങ്ങൾ( വിവിധ സ്ഥലങ്ങളിൽ പ്രദർശനം)
f) ലഹരി ഉപയോഗം സർവ്വേ
g) കൗൺസിലിംഗ്- കുട്ടികൾക്ക്
h) രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ

## ലക്ഷ്യങ്ങൾ

ഇന്നലകളിൽ സമൂഹത്തിൽ നിലനിന്നിരുന്ന ആചാരങ്ങൾ അനുഷ്ഠാനങ്ങൾ ഭരണക്രമം ജീവിതരീതി എന്നിവ വിദ്യാർത്ഥികൾക്ക് പരിചയപ്പെട്ടുവാനും നാടിന്റെ വികസനത്തിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടാനും ഈ വളർച്ചയ്ക്കായി പൊരുതിയ മഹാത്മാക്കളെ കുറിച്ച് മനസ്സിലാക്കാനും ചരിത്രബോധവും സാമൂഹ്യ പ്രതിബദ്ധതയും വളർത്തിയെടുക്കാനും

## സാമൂഹ്യശാസ്ത്ര ലാബ്

### a) കുട്ടികളുടെ പങ്കാളിത്തത്തോടെ ചരിത്രം മ്യൂസിയം തയ്യാറാക്കൽ

* പുരാവസ്തു ശേഖരം
* സാമൂഹ്യശാസ്ത്ര പഠനത്തിന് ഉതകുന്ന വിവിധ പുസ്തകങ്ങൾ
* ഗ്ലോബ് അറ്റ്ലസ് മാപ്പ്
* വിവിധതരം മണ്ണുകളും പാറകളും
* മഹത് വ്യക്തികളുടെ ജീവചരിത്രം തയ്യാറാക്കൽ
* ഒരു വർഷത്തെ മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂളിന്റെ പത്രം പ്രസിദ്ധീകരിക്കൽ
* മൺമറഞ്ഞ കളികൾ വിനോദങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.

പൊതുവിജ്ഞാനത്തിൽ താൽപര്യം ജനിപ്പിച്ച് മത്സരപരീക്ഷകളിൽ പങ്കെടുക്കുവാൻ കുട്ടിയെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം

## സിവിൽ സർവീസ് പരിശീലനം

മാസത്തിലൊരു ദിവസം 8 9 ക്ലാസിലെ കുട്ടികൾക്കായി പി ടി എ യുടെ ധനസഹായത്തോടെ സിവിൽ സർവീസ് പരിശീലനം വിദഗ്ധരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു

## വാർത്ത വായന

ആഴ്ചയിൽ ഒരു ദിവസം ഹൈസ്കൂൾ കുട്ടികൾക്കായി വാർത്ത വായന പരിശീലനം നൽകുന്നു.

# ദിനാചരണങ്ങൾ

## സ്വാതന്ത്ര്യ ദിനം

* പ്രത്യേക അസംബ്ലി
*നാടകാവതരണം( സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സംഭവങ്ങൾ )
* സ്വാതന്ത്ര്യസമര ചരിത്ര പ്രസംഗം
* പ്രാദേശിക ചരിത്രരചന മത്സരം
* വൈവിധ്യമാർന്ന വിഷയങ്ങളെ ആസ്പദമാക്കി വാർത്തകൾ ശേഖരിച്ച് ചുമർപത്രികകൾ ആക്കുന്നു
* സ്കൂൾ പത്രം
* ക്വിസ്
* സ്വാതന്ത്ര്യദിന റാലി

## ശിശുദിനം

* സ്റ്റുഡന്റ് ഡേ യായി ആചരിക്കൽ
* ശിശുദിന റാലി
റിപ്പബ്ലിക് ദിനം
* പ്രത്യേക അസംബ്ലി
* ഭരണഘടന ആസ്പദമാക്കി ക്വിസ്
* നിയമ വിദഗ്ധനുമായി അഭിമുഖം

## ലഹരി വിരുദ്ധ ദിനം

* ബോധവൽക്കരണ ക്ലാസുകൾ
* കൗൺസിലിംഗ് ക്ലാസുകൾ

## റോഡ് സുരക്ഷ വാരാചരണം

* ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ
* നാടകം സംഘടിപ്പിക്കൽ

## ഹിരോഷിമ നാഗസാക്കി ദിനങ്ങൾ

* യുദ്ധവിരുദ്ധ റാലി
* പോസ്റ്റർ നിർമ്മാണ മത്സരം - പ്രദർശനം

## ബുള്ളറ്റിൻ ബോർഡ്

സാമൂഹ്യ പ്രാധാന്യമുള്ള വാർത്തകളുടെ പ്രദർശനം

നൈപുണി

# സയൻസ്

അനുദിനം പുരോഗമനത്തിലേക്ക് നീങ്ങുന്ന ചുറ്റുപാടിൽ തന്റെ കൺമുന്നിൽ കാണുന്ന കാര്യങ്ങൾ എന്ത്? എന്തിന്? എന്തുകൊണ്ട്? എങ്ങനെ?എന്നീ ചോദ്യങ്ങൾക്ക് ശാസ്ത്ര തത്വങ്ങൾക്കൊപ്പം ചിന്തിച്ച് വ്യക്തമായ ഉത്തരം കണ്ടെത്താൻ നമ്മുടെ കുട്ടികളെയും പ്രാപ്തരാക്കുന്ന സയൻസ് അക്കാദമിക് മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ

1.കുട്ടികൾ നേടേണ്ട ശേഷികൾ കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക നിരീക്ഷണ പാടവം ഉണ്ടാക്കുക

2.വിവിധ പരീക്ഷണോ പകരണങ്ങൾ നിർമ്മിക്കുക കൈകാര്യം ചെയ്യുക

3.ഉറവിടം മാലിന്യ നിർമ്മാർജ്ജന ശീലം വളർത്തുക

4.സ്കൂൾ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക, ശാസ്ത്ര

പഠന യാത്രകൾ ശാസ്ത്ര മാഗസിനുകൾ തയ്യാറാക്കുക

5.ശാസ്ത്ര നാടക രചന അതിന്റെ അവതരണം സംഘടിപ്പിക്കുക ശാസ്ത്ര ആൽബം തയ്യാറാക്കുക

6.പോഷകാഹാരത്തിന്റെ പ്രാധാന്യം

7.സാമൂഹിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാരം കണ്ടെത്താൻ കഴിയുന്ന സയൻസ് കോർണർ

8.ലക്ഷ്യം അത്ഭുതകണ്ണിലൂടെ

9.കൗതുകംനാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക

## പ്രവർത്തനങ്ങൾ

ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു

മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു

പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു

## ലക്ഷ്യം

ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി നേടുകയും ചെയ്യുന്നു,ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു , ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു

നൈപുണി

## ലക്ഷ്യം

ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക

ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബ് ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു

## ലക്ഷ്യം

ആയുർവേദ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക

കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു

വൈജ്ഞാനിക ബഹിർ സ്ഫുരണം

അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ

തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്

പുതു പുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടത്തലുകളും പരിചയപ്പെടുന്നു

സംസ്ഥാന ദേശീയതലത്തിലുള്ള സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു

ശാസ്ത്രകാരന്മാരുമായി സംവദിക്കൽ

# ഗണിതം

## ആമുഖം

പലകാരണങ്ങളാൽ മിക്ക കുട്ടികൾക്കും ഗണിത പഠനം കുറച്ച പ്രയാസമാണ് .ഓരോ ക്ലാസിൽ നിന്നും നേടേണ്ട ആശയങ്ങൾ അതാത് ക്ലാസിൽ നിന്ന് തന്നെ നേടിയെടുക്കുകയും അത് പ്രയോഗിക്കുന്നതിലെ അപര്യാപ്തതയുമാണ് കുട്ടികളിൽ പലരും ഗണിത പഠനത്തിൽ പിന്നോട്ട് പോകുന്നതിന് കാരണം. ഗണിതത്തിലെ ചില മേഖലകളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും വർക്ക്ഷീറ്റുകളും സെമിനാർ ശില്പശാല തുടങ്ങിയവ സംഘടിപ്പിക്കുകയും വഴി കുട്ടികളിൽ ആത്മവിശ്വാസം വളർത്തുവാനും ചുവടെ കാണുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് .പ്രത്യാശിക്കുന്നു

## ലക്ഷ്യങ്ങൾ

1.ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

2. ഭിന്നസംഖ്യകൾ ക്രിയകൾ

3. ദശാംശം സംഖ്യകൾ ക്രിയകൾ

4. ജാമിതീ പെട്ടിയിലെ ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ അളക്കൽ

5. കൃത്യതയോടും സൂക്ഷ്മതയോടും ഉള്ള നിർമ്മിതി

6. ചുറ്റളവും പരപ്പളവും

7. മെട്രി കളവുകൾ -പരസ്പരബന്ധം - ക്രിയകൾ

8. ഗണിതശാസ്ത്രജ്ഞരെ അറിയുക

9. പലിശ കണക്കാക്കുക

10. അംശബന്ധവും അനുപാതവും

11. പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക

12. അനുയോജ്യമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുക

# പ്രവർത്തനം

മുത്ത് മഞ്ചാടി തുടങ്ങിയവ ഉപയോഗിച്ച് എണ്ണൽ സംഘനവും വ്യവകലനവും ഷീറ്റുകൾ മാന്ത്രിക ഗുണനവും ഹരണവും.വിവിധ കളികൾ ഉദാ: ഏണിയും പാമ്പും

ക്യാൻവാസിൽ ചുമരിൽ ചിത്രങ്ങൾ വരച്ച് അവയുടെ രണ്ടിലൊന്ന്, നാലിലൊന്ന്, നാലിൽ മൂന്ന് തുടങ്ങിയവ അടയാളപ്പെടുത്തൽ.

കുട്ടികൾക്ക്  ഭിന്നസംഖ്യകൾ ഉൾപ്പെട്ട സംഖ്യാ കാർഡ് നൽകി ഗ്രൂപ്പിലെ മറ്റ് അംഗങ്ങളെ കണ്ടെത്തുന്ന പ്രവർത്തനം.

ദശാംശ സംഖ്യകൾ ഉൾപ്പെട്ട ഗണിത പസിൽ, ഗണിത ചിന്തകൾ ഉണർത്തുന്ന വിവിധ കളികൾ ഉദാ:സുഡോക്കോ ലാഡർ&സ്നേക്ക്.

ഗണിത പാട്ടുകൾ ഗണിതവുമായി ബന്ധപ്പെട്ട വിവിധതരം നാടൻ കളികൾ കലണ്ടർ കണക്കുകൾ വരയും കുറിയും ഉപകരണം കൈകാര്യം ചെയ്യുന്നതിലുതകുന്ന പ്രവർത്തനം.

പരപ്പളവും ജാമിതീയ രൂപങ്ങൾ ഉൾപ്പെട്ട പക്ഷികൾ ബന്ധം ക്രിയകൾ വർക്ക് ഷീറ്റുകൾ.

ഗണിത ശാസ്ത്രജ്ഞരെ അറിയുക ഗണിത ശില്പശാല ഇത്തിരി നേരം ഒത്തിരി കാര്യം സ്കൂളിലെ ഗണിത അധ്യാപകരുടെ നേതൃത്വത്തിൽ പിന്നെ ശേഷിക്കാർ ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിക്കുന്നു.

ഗണിത ശാസ്ത്രജ്ഞരെ കുറിച്ചുള്ള ചാർട്ടുകൾ തയ്യാറാക്കുന്നു. ദിനാചരണങ്ങൾ സെമിനാർ

പലിശ കണക്കാക്കുക

വിവിധ ബാങ്കുകൾ സന്ദർശിച്ച് അവിടുത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് വിവിധ ബാങ്ക് പരസ്യങ്ങൾ ചർച്ച ചെയ്യുന്നു. അതിലെ ഗണിത ആശയം ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ

കുട്ടികൾ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ സ്വയം വിപണനം നൽകുന്നു അതിലൂടെ ലാഭം നഷ്ടം അളവ് തൂക്കം കൃത്യമായി മനസ്സിലാക്കുന്നു

ഗണിത നാടകം,ഗണിതവും ചുറ്റുപാടുമായുള്ള ബന്ധം സെമിനാർ,പ്രകൃതിയിലെ അനുപാതം

നൈപുണി

# വിവരസാങ്കേതികവിദ്യ

## ആമുഖം

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ കാലം അതിവേഗം മുന്നേറുകയാണ്. ഈ നൂതന ലോകത്തിന്റെ ഭാഗമാകാൻ സാങ്കേതികവിദ്യകൾ നമ്മുടെ കൈപ്പിടിയിൽ ഒതുങ്ങണം. അതിനായി കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമാണ്. എല്ലാ വിഷയങ്ങൾക്കും കമ്പ്യൂട്ടർ അധിഷ്ഠിതമായി പഠിക്കുന്ന ഇന്ന് എല്ലാ കുട്ടികളെയും കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കി മാറ്റേണ്ടതുണ്ട് .ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളെയും കമ്പ്യൂട്ടർ ലോകത്തേക്ക് എത്തിക്കാൻ സാധിക്കും എന്ന വിശ്വാസത്തോടെ ഈ വിവരസാങ്കേതികവിദ്യ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

1.കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ കഴിവ് നേടുക മറ്റു വിഷയങ്ങളിൽ അധിഷ്ഠിതമായി പഠിക്കാൻ പ്രാപ്തരാക്കുക.

2.പാഠപുസ്തകം ഉള്ളടക്കത്തേക്കാൾ കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാൻ ഐടി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുക

3.പഠന രസകരമാക്കാൻ ഡിജിറ്റൽ സംവിധാനം ഉപയോഗിക്കുന്നു.

4.പ്രോജക്ട് സെമിനാർ ഭംഗിയായും ആകർഷകമായും അവതരിപ്പിക്കാനുള്ള കഴിവ് നേടുക .

5.വിവരശേഖരണം നടത്തുന്നതിനും സൂക്ഷിക്കുന്നതിനും പ്രാപ്തരാക്കുക .

6.സർഗാത്മക കഴിവുകൾ ഐടി യിലൂടെ വികസിപ്പിക്കുന്നു

7.ശാസ്ത്രത്തിലെ നൂതന സാങ്കേതികവിദ്യ മനസ്സിലാക്കുകയും പ്രവർത്തിച്ച പരിചയപ്പെടുകയും ചെയ്യുക .

8.ക്ലാസ് മാഗസിനുകൾ, ശാസ്ത്രമാഗസിനുകൾ എന്നിവ തയ്യാറാക്കാനുള്ള ശേഷി നേടുക.

9. ചിത്രങ്ങൾ വിവിധ മാർഗങ്ങളിലൂടെ ശേഖരിക്കാനും എഡിറ്റ് ചെയ്യാനും അനുയോജ്യമായ രൂപത്തിലാക്കി മാറ്റാനുള്ള കഴിവ് നേടുക ഡോക്യുമെന്ററി തയ്യാറാക്കുന്നു.

10.വീഡിയോ ഓഡിയോ റെക്കോർഡിങ് പരിചയപ്പെടുന്നു

## പ്രവർത്തനം

കമ്പ്യൂട്ടർ ചങ്ങാതി ഗെയിം- കളിപ്പെട്ടി പെയിന്റിംഗ് - പെയിന്റിംഗ് എക്സ്പെയിന്റിങ് എന്നിവ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ ഓൺ ഓഫ് പരിശീലനം പെയിന്റിംഗ് സ്ക്രാച്ച് പരിശീലനംപഠനം കമ്പ്യൂട്ടറിലൂടെ കളിപ്പെട്ടി ഉപയോഗിക്കുന്ന എല്ലാ വിഷയങ്ങൾക്കും ഐസിടി അധിഷ്ഠിതമായി പഠിപ്പിക്കുന്നു

നൈപുണി

ഇന്റർനെറ്റ് പരിചയപ്പെടൽ ഇന്റർനെറ്റിൽ നിന്ന് ചിത്രങ്ങളും വീഡിയോകളും അധ്യാപകർ കണ്ടെത്തുന്നത് കണ്ടു മനസ്സിലാക്കുന്നു

ഇന്റർനെറ്റ് വിക്കിപീഡിയയിൽ നിന്നും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിന് ചിത്രങ്ങളും വീഡിയോകളും ഡൗൺലോഡ് ചെയ്യുന്നു

വിശദമായി കൊടുക്കുന്ന പ്രോജക്ടുകൾ സെമിനാറുകൾ ഇത് ഭംഗിയായും ആകർഷകമായും വിധ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കി അവതരിപ്പിക്കുന്നു

ഡോക്യുമെന്ററി തയ്യാറാക്കുന്ന വീഡിയോ റെക്കോർഡിങ് എഡിറ്റിംഗ് ഉപയോഗിച്ച് ഡോക്യുമെന്ററി തയ്യാറാക്കുന്നു

ഡോക്യുമെന്റേഷൻ സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ചിത്രങ്ങളായും വീഡിയോകളായും റെക്കോർഡ് ചെയ്ത് ഡോക്യുമെന്റ് ആകുന്നു

മോഡൽ റേഡിയോ വിദ്യാലയത്തിൽ ക്രമീകരിച്ച റേഡിയോ സ്റ്റുഡിയോയിൽ നിന്ന് ക്ലാസുകളിൽ വെച്ചുള്ള സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം കുട്ടികളുടെ അവതരണം ഔദ്യോഗിക അറിയിപ്പുകൾ നൽകൽ.

ഈ സാക്ഷരത രക്ഷിതാക്കളിലേക്ക്

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ആമുഖം

വിദ്യാഭ്യാസത്തിന്റെ പൊതുവായ ലക്ഷ്യങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം തന്നെ ആരോഗ്യ കായിക വിദ്യാഭ്യാസം എല്ലാ കുട്ടികളിലും എത്തിക്കേണ്ടത് അത്യാവശ്യമാണ്. കായിക പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും ശാരീരികാരോഗ്യവും മാനസിക ഉല്ലാസവും സമൂഹത്തിലും വ്യക്തിയിലും ഉറപ്പാക്കുന്നതാണ് ആരോഗ്യ കായിക പഠനത്തിന്റെ പ്രധാന ലക്ഷ്യം.ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണ്ഉള്ളത്കായിക ക്ഷമതയ്ക്ക് പുറമേ കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ ശാരീരിക വളർച്ച കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. ഇതിനോടൊപ്പം തെരഞ്ഞെടുത്ത കായിക മേഖലകളിൽ മികവുറ്റ വരാകാനും അവസരം ഒരുക്കുവാനും സഹായിക്കുന്നു. അന്യമായിക്കൊണ്ടിരിക്കുന്ന മാനുഷികമൂല്യങ്ങൾ തിരിച്ചുപിടിക്കുവാനും ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുവാനും നമുക്ക് കഴിയും.ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സ് ഉണ്ടാവുകയുള്ളൂ എന്നതാണ് ഇതിലൂടെ നാം സ്വീകരിച്ചിട്ടുള്ള സമീപനം.

## ലക്ഷ്യങ്ങൾ

*പ്രകടനസംഭവിയായ കായികക്ഷമത ഘടകങ്ങളുടെ മെച്ചപ്പെടുത്തൽ

*യോഗ പരിശീലനത്തിലൂടെ ശാരീരിക മാനസികക്ഷമത കൈവരിക്കുന്നു.

*വിവിധ മൈനർ ഗെയിംസിലൂടെ അന്യം നിന്നു പോയ നാടൻ കളികൾ പരിചയപ്പെടലും കായികക്ഷമത കൈവരിക്കലും,ഏകോപനം കായിക ക്ഷമത സഹകരണം

നൈപുണി

*നേതൃപാടവം സംഘബോധം താളബോധം എന്നിവ കൈവരിക്കൽസമചിത്തത തീരുമാനമെടുക്കൽ പ്രശ്നപരിഹാരം എന്നീ ഗുണങ്ങൾ കൈവരിക്കുന്നു

*ശരീര സംസ്ഥിതിയെ കുറിച്ചുള്ള ധാരണ

*അടിസ്ഥാന ചലനങ്ങൾ മനസ്സിലാക്കുന്ന ശാരീരിക മാനസിക വൈകാരിക ഉല്ലാസം കൈവരുന്ന മാനസിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുന്ന വിവിധ ഗെയിമുകളിലൂടെ നാഡി പേശി സംയോജനം സാധ്യമാകുന്നു

കിഡ് അറ്റ്ലറ്റിക്സിലൂടെ അടിസ്ഥാന കായിക നൈപുണ്യ മെച്ചപ്പെടുന്ന അടിസ്ഥാന ചലനങ്ങളുടെ പൂർണ്ണതയും കൃത്യതയും കൈവരുന്ന ഘടകങ്ങൾ തിരിച്ചറിയുന്ന ശാരീരിക ആരോഗ്യം മാനസിക ആരോഗ്യം എന്നിവ കൈവരിക്കുന്നു. ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ നൂതന സാങ്കേതികവിദ്യ പരിചയപ്പെടുന്ന മത്സരബുദ്ധി അത്‌ലറ്റിക്സിലേക്കും ഗെയിംസിലേക്കും ഉള്ള ആകർഷകത്വം കൈവരുന്നു

# പ്രവർത്തനം

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ തിരഞ്ഞെടുത്തി ചില മൈനർ ഗെയിമുകളുടെ അവതരണം.

അടിസ്ഥാന ചലനങ്ങളുടെ പൂർണ്ണത കൈവരിക്കുന്നതിനായി ഉള്ള ചലനങ്ങളുടെ പ്രായോഗിക പരിശീലനം Walking, jogging, running, jumping വിവിധതരം ചലനങ്ങളുടെ പ്രദർശനം

കായിക ദിനാചരണവുമായി ബന്ധപ്പെട്ട ചരിത്രവും വിവിധ കായിക ഉപകരണങ്ങളുടെ പരിചയപ്പെടുത്തലും

Quiz

വിവിധ കോഡിനേറ്റീവ് ആക്ടിവിറ്റീസ് പരിശീലിക്കുന്ന ലിമിറ്റഡ് സ്പെയ്സ് ആക്ടിവിറ്റീസ് ജനറൽ സ്പേസ് പേഴ്സണൽ സ്പേസ് എന്നിവയുടെ വ്യത്യാസം

മേഖലയിൽ ഉണ്ടാകുന്ന പരിക്കുകളും അവയ്ക്ക് വേണ്ടുന്ന പ്രഥമ ശുശ്രൂഷയും

പ്രവർത്തനത്തിലൂടെ ആരോഗ്യം എന്ന ഉദ്ദേശത്തോടെയുള്ള വിവിധ കായിക പ്രവർത്തനങ്ങൾ

കണ്ടീഷനിൽ വാമിംഗ് എറോബിക്സിന്റെ അടിസ്ഥാന ചലനങ്ങൾ സൈഡ് സിംഗിൾ ബൗൺസ് V- സ്റ്റെപ്പ് മാർച്ചിംഗ്

ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്വിസ് മത്സരങ്ങൾ കഠിനാധ്വാനത്തിലൂടെ മികച്ച കായിക നേട്ടം കൈവരിച്ച പ്രശസ്ത വ്യക്തികളുടെ വീഡിയോ പ്രദർശനം

കിഡ്സ് അത്ലറ്റിക്സിലെ വിവിധ പ്രവർത്തനങ്ങൾ റൊട്ടേഷൻ ആൻഡ് ഡ്രോയിങ് ഷോട്ട്, റണ്ണപ്പ്, ലോങ്ങ് ജമ്പ്, സിഗ് സാഗ് ഹർഡിൽ റിലേ , ടാർഗറ്റ് ത്രോ

ശരീരത്തെ ജീവിതശൈലി രോഗങ്ങളിൽ നിന്നും മാറ്റിനിർത്തുന്നതിനും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് ശ്വാസോച്ഛ്വാസ പ്രക്രിയ സുഗമമാക്കുന്നതിന് യോഗ പരിശീലിക്കുന്നു

പത്മാസനം വജ്രാസനം ത്രികോണാസനം സൂര്യനമസ്കാരം

തെരഞ്ഞെടുത്ത രണ്ട് പ്രാദേശിക കളികളുടെ അടിസ്ഥാന നൈപു ക്കികളെ കുറിച്ചുള്ള ധാരണ

വോളിബോൾ ഫുട്ബോൾ ടേബിൾ ടെന്നീസ്

Sports injuries and First Aid

ആരോഗ്യ കായിക ക്ഷമത പദ്ധതി ഉറപ്പാക്കൽ വൈവിധ്യമാർന്ന കായിക പരിശീലനം കായിക ദിനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഒളിമ്പിക് ഹിസ്റ്ററി വീഡിയോ പ്രദർശനം സ്പോർട്സ് ക്വിസ് കായിക സ്ഥാപനങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ്

ആരോഗ്യ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഏറോബിക്സ് പരിശീലനം

പ്രാദേശിക പ്രാധാന്യമുള്ള ഗെയിമുകളുടെ നൈപുണ്യ പരിശീലനവും പ്രകടന സാധ്യത കൈവരിക്കുകയും ചെയ്യുന്ന

യോഗപരിശീലനം

# ഉപസംഹാരം

ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. മികച്ച വിദ്യാഭ്യാസത്തിനൊപ്പം കുട്ടികളുടെ സമഗ്ര വികാസവും മുൻനിർത്തിയാണ് ഈ മാർഗരേഖ തയ്യാറാക്കിയിരിക്കുന്നത്. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങൾക്ക് പുറമേ കുട്ടികളുടെ സർവ്വതോൻമുഖമായ പുരോഗതി ലക്ഷ്യമാക്കി കലാ, കായിക, പ്രവൃത്തിപരിചയ വിഷയങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയുടെ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി ഓരോവിഷയവും ആധുനിക കാലഘട്ടത്തിന് അനുസൃതമായാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. പഠന പിന്നാക്കം നിൽക്കുന്നവരെയും, ഭിന്ന ശേഷിക്കാരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും ഒരുപോലെ കണ്ടുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ മാർഗരേഖ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ ഉത്സാഹത്തോടെ ചെയ്യാൻ കുട്ടികൾക്ക് സഹായകരമാകും എന്ന് ഞങ്ങൾ കരുതുന്നു. 2025-26 അധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾക്ക് മാർഗദീപമായ ഗവ മോഡൽ എച്ച് എസ് എസ് വെങ്ങാനൂർ തയ്യാറാക്കിയിരിക്കുന്ന ഈ മാർഗരേഖ " **നൈപുണി 2025 - 26** " നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.